**പൊതുഭരണ (മിസ.) വകുപ്പ്**

**നമ്പർ: 34560/എം.3/98/പൊ.ഭ.വ., തിരുവനന്തപുരം 1998 ജൂൺ 11**

**സർക്കുലർ**

വിഷയം.– സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും ഫാക്ടറികളിലും പുകവലി നിരോധിക്കുന്നതിന് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച്.

സൂചന.– 1. 11.7.1995 ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി.) 239/95/പൊ.ഭ.വ.

2. 15.5.1997 ലെ സർക്കുലർ നമ്പർ 44942/എം.3/97/പൊ.ഭ.വ.

സൂചനയിലെ ഒന്നിലും രണ്ടിലും സൂചിപ്പിച്ചിരിക്കുന്ന ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും സ്വകാര്യ കോളേജുകൾ, സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പുകവലി നിരോധിച്ചുകൊണ്ടും ഈ നിർദ്ദേശം പാലിക്കാത്തവരുടെ പേരിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശിക്കുകയുണ്ടായി. സർക്കാർ ഓഫീസുകളിൽ പുകവലി നിരോധനം ഏർപ്പെടുത്തിയതുപോലെ പൊതുമേഖലാസ്ഥാപനങ്ങളിലും ഫാക്ടറികളിലും പുകവലി നിരോധിക്കുന്നത് ഉചിതമാണ്. ആയതിനാൽ പുകവലി നിരോധനത്തിന് സർക്കാർ തലത്തിലുള്ളതുപോലെ നടപടികൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെ മുഖ്യഭരണാധികാരികളും ഫാക്ടറി ഉടമകളും അടിയന്തിരമായി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**കെ.കെ. വിജയകുമാർ**

സെക്രട്ടറി